## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2654** **06.02.2018-ന് മറുപടിയ്ക്ക്**

### വനസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനസംരക്ഷണത്തിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വനം വന്യജീവി വകുപ്പിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ (60% കേന്ദ്ര വിഹിതം, 40% സംസ്ഥാന വിഹിതം) ഉൾപ്പെടുന്ന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ എന്നീ പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം യഥാക്രമം 1262.561 ലക്ഷം രൂപയും, 823.22 ലക്ഷം രൂപയും, 1465.60 ലക്ഷം രൂപയും ചേർത്ത് ആകെ 3551.381 ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കാണെന്നു വ്യക്തമാക്കുമോ ? | (ബി) | സംസ്ഥാനത്തിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും കടുവാ സങ്കേതങ്ങളുടെയും മറ്റു സംരക്ഷിത മേഖലകളുടെയും സംരക്ഷണത്തിനായാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ